LIBRARY ARCHIVES Kerala Legislative Assembly

ആംഡ് പോലീസ് 4-ാം ബറ്റാലിയനിൽ വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള അഡ്വൈസ് മെമ്മോ

74 [2562] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആംഡ് പോലീസ് 4-ാം ബറ്റാലിയനിൽ വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര പേർക്കാണ് അഡ്വൈസ് മെമ്മോ നൽകിയിരുന്നതെന്നും ഇതിൽ എത്ര പേരുടെ മെഡിക്കൽ ഫിറ്റ്നെസ് ടെസ്റ്റ് നടത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) അഡ്വൈസ് മെമ്മോ ലഭിച്ച് മെഡിക്കൽ ഫിറ്റ്നെസ് ടെസ്റ്റ് പൂർത്തിയാക്കിയ 7. വിദ്യാ കെ. നായർ പാലങ്ങാട്ട് ഹൗസ്, ആലപ്പടമ്പ് പി. ഒ. ഏറ്റുകുടുക്ക, കണ്ണൂർ ജില്ല, 21. ചിത്ര, കെ. എം. ഡി/ഒ. ചന്ദ്രൻ, കൊരക്കണ്ണി ഹൗസ്, ക്ളായിക്കോട് പി. ഒ., ചെറുവത്തൂർ, കാസർഗോഡ് ജില്ല എന്നിവരെ പരിശീലനത്തിനായി വിളിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഇവരെ ഒഴിവാക്കാനുള്ള കാരണമെന്താണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത ബറ്റാലിയന്റെ പരിശീലനത്തിനായി കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ നിന്നും പി.എസ്.സി. അഡ്വൈസ് മെമ്മോ ലഭിച്ച് മെഡിക്കൽ ഫിറ്റ്നെസ് ടെസ്റ്റ് പാസ്സായ എത്ര പേരെ ഒഴിവാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേരള ആംഡ് പോലീസ് 4-ാം ബറ്റാലിയൻ വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും 54 പേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. ഇതിൽ 50 പേർ മെഡിക്കൽ ഫിറ്റ്നെസ് ടെസ്റ്റിന് ഹാജരായിട്ടുണ്ട്. 47 പേർ മെഡിക്കൽ ടെസ്റ്റിന് യോഗ്യരായവരാണ്.

(ബി) ഈ ഉദ്യോഗാർത്ഥികൾ നിയമനത്തിന് യോഗ്യരാണെന്ന അടിസ്ഥാനത്തിൽ പരിശീലനത്തിന് യോഗ്യരായ 47 പേരുടെ ലിസ്റ്റിൽ ഇവരേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഉദ്യോഗാർത്ഥികളെ പരിശീലനത്തിന് വിളിക്കേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ആരെയും ഒഴിവാക്കിയിട്ടില്ല.

വനിതാ കോൺസ്റ്റബിൾമാരുടെ റാങ്ക് ലിസ്റ്റിന്റെ നീട്ടിയ കാലാവധി

75 [2563] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധിയായ 3 വർഷം തികയുന്ന മുറയ്ക്കാണോ കാലാവധി നീട്ടിയിരുന്നത് എന്നറിയിക്കാമോ;

(ബി) എങ്കിൽ വനിതാ കോൺസ്റ്റബിൾമാരുടെ റാങ്ക് ലിസ്റ്റിന്റെ നീട്ടിയ കാലാവധി എന്നുമുതൽ എന്നുവരെയാണ്;